## ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പുരോഗതി

24 (*144) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബൈപ്പാസ് റോഡ് പദ്ധതികളാണ് നിർമ്മാണ ഘട്ടത്തിലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(സി) എത്ര ബൈപ്പാസ് റോഡുകൾ ഈ വർഷം പൂർത്തിയാകും എന്ന് അറിയിക്കാമോ ;

(ഡി) സർക്കാർ പരിഗണനയിലുള്ള പുതിയ ബൈപ്പാസ് റോഡ് പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.. എം. കെ. മുനീർ) :

(എ) ദേശീയപാതയിൽ ആറു പദ്ധതികളും റോഡുകളും പാലങ്ങളും വിഭാഗത്തിൽ 8 പദ്ധതികളും നിർമ്മാണഘട്ടത്തിലാണ്.

(ബി) നിർമ്മാണ പുരോഗതി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിലെ ചങ്ങനാശ്ശേരി, കാഞ്ഞിരമറ്റം- മങ്ങാട് കവല എന്നീ രണ്ടു ബൈപ്പാസുകളുടെ പണി ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

## കരാർ ജോലികൾ നിശ്ചിത സമയത്ത് തീർക്കാൻ നടപടി

25 (*145) ശ്രീ. വി. ബാലറാം :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് വർക്കുകൾ നടത്തുന്നതിനുള്ള കോൺട്രാക്ടുകൾ നൽകുമ്പോൾ വർക്ക് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി കരാറിൽ വ്യവസ്ഥ ചെയ്യാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടിയെടുക്കുമോ ;

(സി) ഗവൺമെന്റ് വർക്കുകൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനോ അതിനു മുമ്പോ പണി പൂർത്തിയാക്കുന്ന പക്ഷം കരാറുകാരന് ഇൻസെന്റീവ് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യാറുണ്ടോ ;

† അനുബന്ധം I (a) & I (b)

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I (a)

20-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (144) കാണുക

### ദേശീയപാതാ വിഭാഗം

| ക്രമനമ്പർ | ബൈപാസ്സിന്റെ പേര് | പണികളുടെ ഇപ്പോഴത്തെ സ്ഥിതി |
|---|---|---|
| (1) | (2) | (3) |
| 1. | തിരുവനന്തപുരം ബൈപ്പാസ് | കഴക്കൂട്ടം മുതൽ കോവളം വരെയുള്ള ഫേസ്-ൽ ചാക്ക ആർ. ഒ. ബി ഒഴികെയുള്ള പണി പൂർത്തിയായിട്ടുണ്ട് കോവളം മുതൽ ഇഞ്ചിവിള വരെയുള്ള ഫേസ്.2-ൽ സ്ഥലമെടുപ്പ് ജോലികൾ പുരോഗമിച്ചു വരുന്നു. |
| 2. | കൊല്ലം ബൈപ്പാസ് | ഫേസ്.1 പൂർത്തിയായി ഫേസ്.2 ആർ. ഒ. ബി. അപ്രോച്ച് റോഡ് ഒഴികെയുള്ള പണികൾ പൂർത്തിയായി ഫേസ്. 3, 4 എന്നിവയിൽ സ്ഥലമെടുപ്പ് പൂർത്തിയായി. |
| 3. | ആലപ്പുഴ ബൈപ്പാസ് | ഒന്നാംഘട്ടപണി പൂർത്തിയായി. രണ്ടാം ഘട്ട നടപടികൾ പ്രാരംഭ ദിശയിലാണ്. |
| 4. | കോഴിക്കോട് ബൈപ്പാസ് | ഫേസ്.1 പൂർത്തിയായി. ഫേസ് 2, 3, 4 ഇവയുടെ സ്ഥലമെടുപ്പ് പൂർത്തിയായി. ഫേസ്.3. പണി ആരംഭഘട്ടത്തിലാണ്. |
| 5. | തലശ്ശേരി-മാഹി | ഫേസ്.1 സ്ഥലമെടുപ്പ് പൂർത്തിയായി. ഫേസ്. 2 സ്ഥലമെടുപ്പ് ജോലികൾ പുരോഗമിച്ചു വരുന്നു |
| 6. | കൊയിലാണ്ടി ബൈപ്പാസ് | സ്ഥലമെടുപ്പ് നടന്നുവരുന്നു. |

### റോഡുകളും പാലങ്ങളും വിഭാഗം

| | | |
|---|---|---|
| 1. | ചങ്ങനാശ്ശേരി ബൈപ്പാസ് | ഒന്നും രണ്ടും ഘട്ടങ്ങളുടെ പണി പുരോഗമിച്ചു വരുന്നു. |
| 2. | കോട്ടയം-ചങ്ങനാശ്ശേരി കമ്പയിൻഡ് ബൈപ്പാസ് | ഒന്നാം ഘട്ടം പണി പൂർത്തിയായി. അഞ്ചും ആറും ഘട്ടങ്ങളുടെ പണി പുരോഗമിച്ചു വരുന്നു. |
| 3. | കെ.എൻ.ഡി.പി.-മണർക്കാട്-ഏറ്റുമാനൂർ ബൈപ്പാസ് | ഒന്നും രണ്ടും ഘട്ടങ്ങളുടെ പണി പുരോഗമിച്ചു വരുന്നു. |
| 4. | കാഞ്ഞിരമുറ്റം മങ്ങാട്ട് കവല ബൈപ്പാസ് | പണിയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. |
| 5. | കുന്നംകുളം ബൈപ്പാസ് | പണി പൂർത്തിയായി വരുന്നു. |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 6. | കല്പറ്റ ബൈപ്പാസ് | ആദ്യത്തെ റീച്ചിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. |
| 7. | മേൽപറമ്പ്-ഒലവക്കോട് ബൈപ്പാസ് | പണി പുരോഗമിച്ചു വരുന്നു. |
| 8. | ചൊവ്വ-ഇടയ്ക്കാട് ബൈപ്പാസ് | മൂന്നാം ഘട്ടവും നാലാം ഘട്ടവും പൂർത്തീകരിച്ചു. |

## അനുബന്ധം I (b)

20-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (144) കാണുക

### ദേശീയപാത

തൃപ്പൂണിത്തുറ, മുവാറ്റുപുഴ, കോതമംഗലം, കണ്ണൂർ

### റോഡുകളും പാലങ്ങളും

കണ്ണൻതേരൂർ-ചിറളായിക്കാട്, അടൂർ, തിരുവല്ല, കോട്ടയം-നെടുമ്പാശ്ശേരി, തെങ്ങളം-കോയിപ്പള്ളി, കോതമംഗലം, അയ്യപ്പൻനായർ ജംഗ്ഷൻ-കിഴക്കമ്പലം (തേക്കടി സ്റ്റേറ്റ് ഹൈവേയിലേക്കുള്ള ബൈപ്പാസ്) ചേലക്കര തൃശ്ശൂർ, പയ്യനാട്, നിലമ്പൂർ, പെരിന്തമണ്ണ, കോട്ടയ്ക്കൽ ടൗൺ, മലപ്പുറം-കോട്ടപ്പടി, മലപ്പുറം-കൂട്ടിലങ്ങാടി, തിരൂർ, തിരൂർറിംഗ് റോഡ്-മാമ്പുറം, മേപ്പാടി, പയ്യന്നൂർ മുനിസിപ്പൽ ബൈപ്പാസ്, കണ്ണൂർ-തളിപ്പറമ്പ്, പെരുവണ്ണൂർ, കൊടുങ്ങ്, കൽമണ്ഡപം, കല്പാത്തി, പട്ടാമ്പി, കല്പാക്കുളം, കൂറിശ്ശേരി, യാക്കര-തിരുനല്ലായി, തൃക്കരിപ്പൂർ-പയ്യന്നൂർ, അഞ്ചൽ എന്നീ സ്ഥലങ്ങളിലും പുതിയ ബൈപ്പാസുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ട്.

## അനുബന്ധം II

20-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 143 (741) കാണുക

### പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. ഫിലിം-ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട്

അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ സ്ഥാപിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചു കഴിഞ്ഞു. ഇതിനാവശ്യമായ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. അധികം വൈകാതെ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനമാരംഭിക്കുന്നതാണ്.

2. ഇന്റഗ്രേറ്റഡ് കോംപ്ലക്സ്

ചിത്രാഞ്ജലിയെ ഒരു ഇന്റഗ്രേറ്റഡ് ഫിലിം കോംപ്ലക്സാക്കി മാറ്റുകയാണ് കോർപ്പറേഷന്റെ അടുത്ത ലക്ഷ്യം. പൂർണ്ണമായും സ്വകാര്യനിക്ഷേപത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. വീഡിയോ പ്രൊഡക്ഷൻ സൗകര്യങ്ങൾ, വ്യർച്വൽ സ്റ്റുഡിയോ, കോസ്റ്റ്യും ബാങ്ക് തീംപാർക്ക് സിനിമയെ അടിസ്ഥാനമാക്കിയുള്ള വിനോദകേന്ദ്രം എന്നിവ ഈ പ്രോജക്ടിന്റെ ഭാഗമായുണ്ടാവും.

LIBRARY ARCHIVES Kerala Legislative Assembly